# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.T 8220 17.07.2014 -ൽ മറുപടിയ്ക്ക്

## കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ സ്വീപ്പർ, ക്ലീനർ എന്നീ തസ്തികകളിൽ ഉണ്ടാവുന്ന ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലിക നിയമനം നൽകാറുണ്ടോ; വിശദമാക്കുമോ ; | (എ) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അറിയിക്കുന്ന സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ചെയ്യുന്നത്. നിയമനം നടത്തുന്നത് ഉദ്യോഗദായകനാണ്. |
| (ബി) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാറുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) യും (സി) യും | ഉണ്ട്. 1959 -ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാർ, കേന്ദ്ര/സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ലോക്കൽ ബോഡികൾ എന്നിവയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലുണ്ടാകുന്ന പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | | |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 50 വയസ്സ കഴിഞ്ഞവരെ സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | (ഡി) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ഒഴിവുകൾക്ക് അവരുടെ നിയമപ്രകാരം പ്രായപരിധി അറിയിക്കുന്നത് ഉദ്യോഗദായകരായതിനാൽ പ്രസ്തുത ഒഴിവുകൾക്ക് ഉദ്യോഗദായകൻ ആവശ്യപ്പെടുന്നപക്ഷം 50 വയസ്സ കഴിഞ്ഞവരെയും നാമനിർദ്ദേശത്തിനായി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ